**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1575** **07-02-2023 - ൽ മറുപടിയ്ക്ക്**

**റീസർവെ നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റീസർവെ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; റീസർവെ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 921 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ഇതിൽ 96 വില്ലേജുകൾ മാത്രമാണ് ഡിജിറ്റൽ രീതിയിൽ സർവ്വെ നടപടി പൂർത്തിയാക്കിട്ടുള്ളത്. നിലവിൽ ഡിജിറ്റൽ രീതിയിൽ സർവ്വെ പൂർത്തിയായതും, പുരോഗതിയിലുള്ള വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നാലു വർഷത്തിനകം പൂർത്തിയാക്കുന്ന 858 കോടി രൂപയുടെ ബൃഹത് പദ്ധതി സർക്കാർ ആവിഷ്കരിച്ചു കൊണ്ട് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 438.46 കോടി രൂപ ആദ്യ ഘട്ടത്തിനായി അനുവദിക്കുകയുണ്ടായി. 2022 നവംബർ മാസം ഒന്നാം തീയതി ആരംഭിച്ച പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പാ ക്കുന്നതിന്, സർവ്വെ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ ഭൂവുടമയേയും ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകുന്ന നടപടികൾ 99% പൂർത്തികരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ ബ്ലോക്ക് ഫോർമേഷൻ ജോലികളും, റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Metadata Uploading എന്നിവ പൂർത്തീകരിച്ചിട്ടുള്ളതും, ഭൂവുടമസ്ഥരുടെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | ശേഖരിക്കുന്ന നടപടികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നതുമാണ്. RTK, R-ETS എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് 40440 സബ്ഡിവിഷനുകളിലായി 4546 ഹെക്ടർ സർവ്വെ പൂർത്തിയാക്കുകയും, ശേഷിക്കുന്ന സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. സർവ്വെ പ്രവർത്തനങ്ങൾ പൂർണ്ണമായും IT അധിഷ്ഠിതമായി തന്നെ നടപ്പിലാക്കുന്നതിന് തയ്യാറാക്കിവരുന്ന പോർട്ടലിന്റെ ആദ്യഘട്ട കസ്റ്റമൈസേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വെയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ സർവ്വെ 6 മാസം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും റീസർവെ നടപടികൾ സംബന്ധിച്ച പരാതി പരിഹരിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ റീസർവ്വെ നടപടികൾക്കായി സർവ്വെ വകുപ്പിൽ നിന്നും നാളിതുവരെ 40,11,87,008/- രൂപ ചെലവഴിച്ചിട്ടുള്ളതും, സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ റീസർവ്വെയ്ക്കായി റീ ബിൽഡ് കേരള ഇൻഷ്യറ്റീവ് (RKI) മുഖേന ലഭ്യമാക്കിയ തുകയിൽ നിന്ന് 4,45,55,026/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, പദ്ധതിയെ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ നൽകിയിട്ടുള്ളതും, ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതുമാണ്. സർവ്വെ ചെയ്യുന്ന വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയും നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ